"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - ജീവനക്കാര്യം - കൃഷി അസിസ്റ്റന്റ് ശ്രീമതി. റെനി എസ്.- ന്റെ മകളുടെ കോക്ലിയാർ ഇമ്പ്ലാന്റ് സിസ്റ്റം അപ്ഗ്രേഡ് ചെയുന്നതിന് പലിശരഹിത വായ്പ അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (ഇ എ) വകുപ്പ്**

സ.ഉ.(സാധാ) നം.1143/2023/AGRI തീയതി,തിരുവനന്തപുരം, 29-11-2023

---

പരാമർശം:- കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറുടെ 24/08/2023 ലെ ADFW/10031/2023-ACT A നമ്പർ കത്ത്

**ഉത്തരവ്**

കാർഷിക വികസന കർഷക ക്ഷേമ വകുപ്പിൽ തിരുവനന്തപുരം ജില്ലയിൽ മുദാക്കൽ കൃഷിഭവനിലെ കൃഷി അസ്സിസ്റ്റന്റ് ആയി സേവനമനുഷ്ഠിക്കുന്ന ശ്രീമതി റെനി എസ് - ന്റെ മകൾക്ക് കോക്ലിയാർ ഇമ്പ്ലാന്റ് സിസ്റ്റം അപ്ഗ്രേഡ് ചെയുന്നതിന് തിരുവനന്തപുരം സാന്ത്വനം ആശുപത്രിയിൽ നിന്നും ലഭിച്ച എക്സ്പെൻഡിച്ചർ എസ്റ്റിമേറ്റ് പ്രകാരം പലിശ രഹിത ചികിത്സ വായ്പ ആയി 633100/- (ആറു ലക്ഷത്തി മുപ്പത്തി മൂന്നായിരത്തി ഒരുന്നൂറു രൂപ മാത്രം) അനുവദിക്കുന്നതിന് സമർപ്പിച്ച അപേക്ഷ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ പരാമർശം പ്രകാരം ശിപാർശ ചെയ്തു സർക്കാരിൽ സമർപ്പിച്ചിരുന്നു.

2.സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. തിരുവനന്തപുരം ജില്ലയിൽ മുദാക്കൽ കൃഷിഭവനിൽ കൃഷി അസിസ്റ്റന്റ് ആയി സേവനമനുഷ്ഠിക്കുന്ന ശ്രീമതി റെനി എസ്. - ന്റെ (PEN No. 731664, DOB - 10/05/1985, അപേക്ഷ തീയതി - 15/07/2023) മകൾക്ക് കോക്ലിയാർ ഇമ്പ്ലാന്റ് സിസ്റ്റം അപ്ഗ്രേഡ് ചെയുന്നതിന് തിരുവനന്തപുരം സാന്ത്വനം ആശുപത്രിയിൽ നിന്നും എക്സ്പെൻഡിച്ചർ എസ്റ്റിമേറ്റ് പ്രകാരമുള്ള 633100/- (ആറു ലക്ഷത്തി മുപ്പത്തി മൂന്നായിരത്തി ഒരുന്നൂറു രൂപ മാത്രം) പലിശ രഹിത ചികിത്സാവായ്പ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3.ഇതുമായി ബന്ധപ്പെട്ട ചെലവ് "7610-00-800-95 (02)" എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ് . ഇപ്രകാരം അനുവദിച്ച 6,33,100/- രൂപയുടെ(ആറു ലക്ഷത്തി മുപ്പത്തി മൂന്നായിരത്തി ഒരുന്നൂറു രൂപ മാത്രം) പലിശ രഹിത ചികിത്സാ വായ്പ ശ്രീമതി റെനി എസ് സമർപ്പിക്കേണ്ട മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് ക്ലെയിമിൽ ക്രമപ്പെടുത്തേണ്ടതും ശേഷിക്കുന്ന തുകയുണ്ടെങ്കിൽ ആയത് അപേക്ഷകന് നൽകുന്നതുമാണ്. ബന്ധപ്പെട്ട മെഡിക്കൽ ഓഫീസർ മേലൊപ്പിട്ട ഉപയുക്തതാ സർട്ടിഫിക്കറ്റ് പ്രസ്തുത വായ്പ കൈപ്പറ്റുന്ന തീയതി മുതൽ 3 മാസത്തിനകം അപേക്ഷക ഹാജരാക്കേണ്ടതാണ്. പലിശ രഹിത ചികിത്സാ വായ്പ 3 മാസത്തിനകം ക്രമപ്പെടുത്തേണ്ടതും അല്ലാത്ത പക്ഷം 12% നിരക്കിൽ പിഴപ്പലിശ വായ്പക്കാരനിൽ

നിന്നും ഈടാക്കുന്നതുമാണ്. പ്രസ്തുത പലിശ രഹിത ചികിത്സാവായ്പ തുക ദുരുപയോഗപ്പെടുത്തുകയോ ഉപയോഗപ്പെടുത്താതിരിക്കുകയോ ചെയ്യുന്ന പക്ഷം ആയത് മൊത്തമായി തിരിച്ചു പിടിക്കുന്നതും അച്ചടക്ക നടപടി സ്വീകരിക്കുന്നതുമാണ്. പ്രസ്തുത വായ്പ വിതരണം ചെയ്യുന്നതിന് മുൻപായി വായ്പ തുക, വായ്പ അനുവദിച്ച ഉത്തരവിന്റെ നമ്പറും തീയതിയും ഉൾപ്പെടെയുള്ള വിവരങ്ങൾ ശ്രീമതി റെനി എസ് -ന്റെ സേവനപുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതാണ്. വായ്പ കൈപ്പറ്റാതിരിക്കുകയോ റദ്ദു ചെയ്യപ്പെടുകയോ ചെയ്യുന്ന സാഹചര്യത്തിൽ പ്രസ്തുത വിവരം സർക്കാരിനെ കൃത്യമായും അറിയിക്കേണ്ടതാണ്. കൂടാതെ, മേപ്പടി പലിശ രഹിത ചികിൽസാ വായ്പ ക്രമീകരിക്കുന്നതിനായി പലിശ രഹിത ചികിൽസാ വായ്പയ്ക്ക് അപേക്ഷ സമർപ്പിച്ച തീയതി മുതൽ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് സമർപ്പിക്കേണ്ട കാലയളവ് വരെയുള്ള ചികിൽസയുടെ ബില്ലുകളും ഉപയുക്തതാ സർട്ടിഫിക്കറ്റും സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**VALSALA S D**

ഡെപ്യൂട്ടി സെക്രട്ടറി

ഡയറക്ടർ , കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
ശ്രീമതി. റെനി എസ്., കൃഷി അസിസ്റ്റന്റ് (ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് മുഖാന്തരം)
സബ് ട്രഷറി ഓഫീസർ, സബ് ട്രഷറി, ആറ്റിങ്ങൽ, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (2586588/Loans-L3/188/2023-Fin തീയതി 22/11/2023)
ആരോഗ്യ കുടുംബക്ഷേമ വകുപ്പ്
കരുതൽ സഞ്ചയം / ഓഫീസ് കോപ്പി ( **AGRI-EA2/219/2023-AGRI)**

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ